## III. മേശപ്പുറത്തുവച്ച കടലാസുകൾ

### ചട്ടം 47(2) അനുസരിച്ചുള്ള പ്രത്യേക ലിസ്റ്റ് പ്രകാരം

(1) ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 1225, T1253, 2841, 2844, 4533, 4551, 4555, 4558, 6000, 6033 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി ലഭ്യമാക്കാത്തതിനുള്ള കാരണം കാണിക്കുന്നതിനുള്ള ചട്ടം 47(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(2) നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2933, 6078, 6081 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി ലഭ്യമാക്കാത്തതിനുള്ള കാരണം കാണിക്കുന്നതിനുള്ള ചട്ടം 47(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(3) കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2520, 2564 അഞ്ചാം സമ്മേളനത്തിലെ 6196, 4693, 4697 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത

ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി ലഭ്യമാക്കാത്തതിനുള്ള കാരണം കാണിക്കുന്നതിനുള്ള ചട്ടം 47(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(4) പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ: സർ, പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളന ത്തിലെ 1488, 1526, 3114, 3185, 4773, 4792, 6253, 7579 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി ലഭ്യമാക്കാത്തതിനുള്ള കാരണം കാണിക്കുന്നതിനുള്ള ചട്ടം 47(2) പ്രകാര മുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

## IV. റിപ്പോർട്ട് സമർപ്പണം

(1) 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തു കാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ

ധനകാര്യം നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ സംബന്ധിച്ച റിപ്പോർട്ട് സമർപ്പി ക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

(2) IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ താഴെപ്പറയുന്ന ബില്ലുകളെ സംബന്ധിച്ച റിപ്പോർട്ട്

(1) 2012 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(2) 2012 ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ

(3) 2012 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, IX-ാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ 2012 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ, 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

V. ധനകാര്യം

2012 – 13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2012–13 സാമ്പത്തിക വർഷത്തെ

ബഡ്ജറ്റിലേയ്ക്കുള്ള സെക്കന്റ് ബാച്ച് ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

**റൂളിംഗ്**

മി. സ്പീക്കർ: ഓർഡർ ....... ഓർഡർ... 13-12-2012- ൽ വീണ്ടും വോട്ടെടുപ്പ് നടത്താൻ ഒരു സാഹചര്യമുണ്ടായി. രാഷ്ട്രപതി തിരിച്ചയച്ച രജിസ്ട്രേഷൻ കേരള (ഭേദഗതി) ബിൽ പുനഃപരിഗണിക്കണമെന്ന പ്രമേയ ത്തിന്മേൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ നോട്ടീസ് നൽകിയ ഭേദഗതി യുടെ വോട്ടിംഗിനിടെ ഇന്നലെ ഉണ്ടായ ചില പ്രശ്നങ്ങളുടെ ഫലമായി ചെയറിന് വീണ്ടും വോട്ടെടുപ്പ് നടത്തേണ്ട ഒരു സാഹചര്യം വന്നു ചേർന്നു. ആദ്യ വോട്ടെടുപ്പിൽ ഭേദഗതിക്ക് അനുകൂലമായി 53 പേരും പ്രതികൂലമായി 69 പേരും വോട്ട് രേഖപ്പെടുത്തിയതായി വോട്ടിംഗ് ഡിസ്പ്ലെ ബോർഡിൽ കാണിച്ചു. പ്രതിപക്ഷത്തുള്ള മൂന്ന് അംഗങ്ങളും ഭരണപക്ഷത്തുള്ള മൂന്ന് അംഗങ്ങളും തങ്ങളുടെ വോട്ട് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന് വാക്കാൽ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ ത്തുടർന്ന് അവരുടെ വോട്ടുകൂടി ഉൾപ്പെ ടുത്തി അനുകൂലമായി 56 പേരും പ്രതികൂലമായി 72 പേരും വോട്ട് ചെയ്തു എന്ന് ചെയർ പ്രഖ്യാപിക്കുകയാണ് ഉണ്ടായത്. വോട്ട് രേഖപ്പെ ടുത്തുന്ന ബട്ടണിൽ വോട്ട് രേഖപ്പെടുത്താൻ കഴിയാത്ത അംഗത്തിന് ഡിവിഷന്റെ ഫലം പ്രഖ്യാപിക്കുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ വോട്ട് വാക്കാൽ രേഖപ്പെടുത്താം എന്ന് ചട്ടം 301 (4) അനുശാസിക്കുന്നുണ്ട്.

അതുപ്രകാരം വോട്ട് രേഖപ്പെടുത്തിയിട്ടില്ലെന്ന് ചൂണ്ടിക്കാണിച്ച രണ്ട് പക്ഷത്തുള്ള 6 അംഗങ്ങളുടെ വോട്ട് കൂടി ഉൾപ്പെടുത്തിയാണ് ചെയർ ഫലം പ്രഖ്യാപിച്ചത്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ നിന്നും അപ്രകാരം പറഞ്ഞ അംഗങ്ങളിൽ ഭരണപക്ഷത്തുള്ള രണ്ട് അംഗങ്ങളുടെയും പ്രതിപക്ഷത്തുള്ള ഒരംഗത്തിന്റെയും വോട്ട് യഥാർത്ഥത്തിൽ രേഖപ്പെടുത്തിയതായി കാണുന്നു. ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡിൽ ലൈറ്റ് തെളിയാതിരുന്നതുകൊണ്ട് വന്ന ഒരു പ്രശ്നമാണിതെന്ന് ചെയർ മനസ്സിലാക്കുന്നു. വോട്ടിംഗ് മെഷീനിൽ സാങ്കേതിക പിഴവ് വരുന്നത് സ്വാഭാവികമാണ്. അതിനാലാണ് വീണ്ടും പോൾ നടത്തണമെന്ന ആവശ്യം ഉന്നയിച്ച സാഹചര്യത്തിൽ ചെയർ പ്രസ്തുത ആവശ്യം അംഗീകരിച്ച് വീണ്ടും വോട്ടെടുപ്പ് നടത്തിയത്. റീ-പോളിംഗിൽ ഭേദഗതിക്ക് അനുകൂലമായി 55 പേരും പ്രതികൂലമായി 70 പേരും വോട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. ചെയർ പ്രഖ്യാപിക്കുന്ന വോട്ടെടുപ്പ് ഫലത്തെ ചോദ്യം ചെയ്യാൻ പാടില്ലെന്ന് ചട്ടം 301 (5) വ്യക്തമായി അനുശാസിക്കുന്നുണ്ട്. എന്നാൽ ഈ ചട്ടത്തിന് വിരുദ്ധമായ കാര്യങ്ങൾ പലപ്പോഴും സഭയിൽ ഉണ്ടാകുന്നത് ദൗർഭാഗ്യകരമാണ്. ഇലക്ട്രോണിക് വോട്ടിംഗ് ഡിസ്പ്ലേ ബോർഡിൽ തെളിയുന്ന ഫലത്തിൽ തങ്ങളുടെ വോട്ട് രേഖപ്പെടുത്തിയിട്ടില്ലായെന്ന് വാക്കാൽ ചൂണ്ടിക്കാണിക്കുന്ന അംഗത്തിന്റെ വോട്ട് കൂടി, പ്രസ്തുത അംഗത്തെ വിശ്വാസത്തിൽ എടുത്തുകൊണ്ട് ഉൾപ്പെടുത്തി ഫലം പ്രഖ്യാപിക്കുവാനേ ചട്ടപ്രകാരം ചെയറിന് കഴിയൂ. ഇന്നലെയും സംഭവിച്ചത്

അതാണ്. ഒരു അഭ്യർത്ഥനയുള്ളത്, സുഗമമായി സഭ നടത്തിക്കൊണ്ടു പോകുന്നത് ചെയറിന്റെ മാത്രം ഉത്തരവാദിത്വമായി ദയവുചെയ്ത് ആരും തെറ്റിദ്ധരിക്കരുത്. അതിന് സഭയിലെ ഇരുവിഭാഗം അംഗങ്ങളുടെയും നേതാക്കളുടെയും സഹകരണം ചട്ടങ്ങൾക്ക് വിധേയമായി ഉണ്ടാക ണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു. ഓർഡർ........ഓർഡർ......